# Malayala Manorama
## 31 August 2018
## Kochi; Flood Relief, Flood , Cleaning

# ശുചീകരണം ക്ലേശകരം; കൂടുതൽ ആധുനിക ഉപകരണങ്ങൾ വരുന്നു



കാക്കനാട് ● മുപ്പതിനായിരത്തോളം പേർ ദിവസങ്ങളോളം അധ്വാനിച്ചിട്ടും വെള്ളപ്പൊക്കദുരിതമേഖലകളിലെ ശുചീകരണം പകുതി പോലും ആയിട്ടില്ലെന്നു വിലയിരുത്തൽ.

പ്രളയത്തിൽ വെള്ളം കയറിയ മുഴുവൻ വീടുകളും ശുചീകരിച്ചു പൂർവസ്ഥിതിയിലാക്കാൻ ആഴ്ചകൾ വേണ്ടിവരുമെന്നാണു വിലയിരുത്തൽ. കൂടുതൽ മണ്ണുമാന്തി യന്ത്രങ്ങളും അനുബന്ധസാമഗ്രികളും ലഭ്യമാക്കിയാണു ശുചീകരണം പുരോഗമിക്കുന്നത്. കമ്പനികൾ തന്നെ മണ്ണുമാന്തി യന്ത്രങ്ങൾ ജില്ലാ ഭരണകൂടത്തിനു നേരിട്ടെത്തിക്കുന്നുണ്ട്. ഇവയെല്ലാം അതതു മേഖലകളിലേക്കു കൈമാറുകയാണ്.

ജില്ലയിലെ 22 പഞ്ചായത്തുകളിലായി 1,72,000 വീടുകളും നാലു നഗരസഭകളിലായി 33,000 വീടുകളുമാണു ചെളിയും വെള്ളവും കയറി നശിച്ചിട്ടുള്ളത്.

ഇതിൽ പകുതിയോളമേ ഇതുവരെ ശുചീകരിക്കാനായിട്ടുള്ളൂ. 835 തദ്ദേശസ്ഥാപന വാർഡുകളിൽ പ്രളയ ദുരിതബാധയുണ്ടായി. പലവട്ടം ശുചീകരിച്ചിട്ടും താമസിക്കാനാകാത്ത ഒട്ടേറെ വീടുകളുണ്ട്.

# രക്ഷാപ്രവർത്തനം നടത്തിയവരെ ആദരിച്ചു

കുമ്പളങ്ങി ● പ്രളയബാധിത സ്ഥലങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തിയ കുമ്പളങ്ങി നിവാസികളായ 22 പേരെ പഞ്ചായത്ത് 16-ാം വാർഡിന്റെയും കല്ലഞ്ചേരി ഇടവകയുടെയും നേതൃത്വത്തിൽ ആദരിച്ചു. രണ്ടു വലിയ വള്ളങ്ങളിലായി മുന്നൂറോളം പേരെ രക്ഷപ്പെടുത്തിയതായി ഇവർ പറഞ്ഞു. വികാരി ഫാ. ആന്റണി കാട്ടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. സ്വിറ്റ്സർലൻഡ് സ്വദേശിനി ലാറഡി. മരിയ ഉപഹാരങ്ങൾ നൽകി. പഞ്ചായത്ത് അംഗം ജോബി പനക്കൽ അധ്യക്ഷത വഹിച്ചു. സിജു മൂത്തേരിൽ, മാർട്ടിൻ മെനഞ്ചേരി, ബിജു ആലുംപറമ്പിൽ, റോയ് പൂട്ടുകുറ്റിക്കൽ പ്രസംഗിച്ചു.

● ചേരാനല്ലൂർ പഞ്ചായത്തിൽ വെള്ളപ്പൊക്കത്തിൽ കേടുപറ്റിയ 65 ബൈക്കുകൾ നന്നാക്കി നൽകിയ ടൂവീലർ മെക്കാനിക്കുകളെ കെ. കരുണാകരൻ കൾച്ചറൽ സൊസൈറ്റി ആദരിച്ചു. പ്രസിഡന്റ് പി.എ. സഗീർ അധ്യക്ഷത വഹിച്ചു. എസ്ഐ ജോസഫ് ജോർജ് ആദരിച്ചു. ജോൺ അലോഷ്യസ്, ആന്റപ്പൻ പെരുമ്പള്ളി, ജോഷി ലോറൻസ്, ജോണി ഉരുളോത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

● ഏലൂർ കുഴിക്കണ്ടംതോട് കോളനിയിലെ ദുരിതബാധിതർക്കു കൊച്ചി നഗരസഭ 15-ാം ഡിവിഷൻ റിലീഫ് ടീമിന്റെയും രാമേശ്വരം റസിഡന്റ്സ് അസോസിയേഷന്റെയും കൊച്ചി നൂവാൽസ് ആദ്യബാച്ചിന്റെയും നേതൃത്വത്തിൽ ഗൃഹോപകരണങ്ങളും വസ്ത്രങ്ങളും വിതരണം ചെയ്തു. ഏലൂർ മുനിസിപ്പൽ അധ്യക്ഷ സി.പി. ഉഷ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു.

നഗരസഭാ കൗൺസിലർ കെ.ജെ. ബേസിൽ, പി.എം. മത്തായി, സി.പി. പൊന്നൻ, പി.ജി. ലോറൻസ് തുടങ്ങിയവർ പ്രസംഗിച്ചു.